"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽമേൽ ശ്രീ.ഷിയാസ് യൂസഫ്, ഓവർസീയർ (PEN No.818952)നെതിരായ അച്ചടക്ക നടപടി -തീർപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ(ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1536/2026/LSGD തീയതി,തിരുവനന്തപുരം, 16-08-2026

---

പരാമർശം:-

1. വിജിലൻസ് (ഡി) വകുപ്പിന്റെ 07/05/2024-ലെ വിജി-ഡി1/63/2024-വിജി നമ്പർ കത്ത്.
2. വിജിലൻസ് ഡയറക്ടറുടെ 26.02.2024-ലെ E8-(SC-85/2023/IDK) 712/2024/DVACB നമ്പർ കത്തും, അതോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ഇടുക്കി വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 18.12.2023 തീയതിയിലെ SC-85/2023/IDK നമ്പർ റിപ്പോർട്ടും.
3. 01/07/2024 തീയതിയിലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. ശ്രീ.ഷിയാസ് യൂസഫ്, ഫസ്റ്റ് ഗ്രേഡ് ഓവർസീയർ 05/09/2024-ൽ സമർപ്പിച്ച പ്രതിവാദ പത്രിക.
5. തദ്ദേശ സ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04/08/2025-ലെ LSGD PD/26655/2024-VIGB3 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ക്രമക്കേടുകളിൽ സംസ്ഥാന വ്യാപകമായി വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി വിജിലൻസ്, ഇടുക്കി യൂണിറ്റ് 12/10/2023-ന് ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയതായി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ലഭിക്കുകയുണ്ടായി.

അറക്കുളം ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തികവർഷം 8 ലക്ഷം രൂപ അടങ്കൽ തുക അനുവദിച്ച് പ്രോജക്ട് നമ്പർ 198/23 ആയി നടപ്പാക്കിയ ആലിൻ ചുവട് - കാവും പടി റോഡിന്റെ സംരക്ഷണഭിത്തിയും റോഡ് പുനരുദ്ധാരണവും (കോൺക്രീറ്റ് വർക്ക്) എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് ശേഖരിച്ച മൂന്ന് കോൺക്രീറ്റ് ക്യൂബ് സാമ്പിളുകൾ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി, GO (RT) No.210/2022/PWD Dated Thiruvananthapuram 25/02/2022 നമ്പർ സർക്കാർ ഉത്തരവു പ്രകാരം ലിസ്റ്റ് ചെയ്യപ്പെടാത്ത പാലാ നിർമ്മിതി കേന്ദ്രത്തിലേക്ക് 23.03.2023 ൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ

ഫോർവേഡിംഗ് ലെറ്ററിൽ ഒപ്പിട്ട് കരാറുകാരന്റെ കൈവശം പരിശോധനക്കായി കൊടുത്തയച്ചിട്ടുള്ളതായി കണ്ടെത്തുകയും ആയതിന് ഉത്തരവാദിയായ ശ്രീ.ഷിയാസ് യൂസഫ്, ഫസ്റ്റ് ഗ്രേഡ് ഓവർസിയർക്കെതിരെ നടപടി സ്വീകരിക്കാൻ വിജിലൻസ് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ 1960-ലെ KCS (CC&A) Rules ലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശ കുറ്റപത്രം നല്കുകയും ചെയ്തിരുന്നു.

കുറ്റപത്രത്തിന് ശ്രീ.ഷിയാസ് യൂസഫ് സമർപ്പിച്ച പരാമർശ പ്രതിവാദപത്രികയിൽ ഇനിപ്പറയും പ്രകാരം അറിയിച്ചിരുന്നു. അറക്കുളം ഗ്രാമ പഞ്ചായത്തിൽ ഒന്നാം തരം ഓവർസിയർ ആയി സേവനം അനുഷ്ഠിച്ചു വരവേ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ അറക്കുളം ഗ്രാമപഞ്ചായത്ത് 2022-2023 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ (AE) നിർവഹണം നടത്തിയ പ്രൊജക്റ്റ് നമ്പർ 198/23 ആലിൻ ചുവട് -കാവുംപടി റോഡിന്റെ കോൺക്രീറ്റ് Cube സാമ്പിളുകൾ (1:2:4 Mix, 47 Cu.M) അന്നു ചുമതല ഉണ്ടായിരുന്ന താൽകാലിക അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.വർഗീസിന്റെ നിർദേശാനുസരണം തയ്യാറാക്കിയ ഫോർവേഡിംഗ് കത്തിൽ ഒപ്പ് വെച്ച് പ്രസ്തുത സാമ്പിളുകൾ കോട്ടയം ജില്ലയിലെ പാലായിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ലാബിൽ പരിശോധനക്കായി അസിസ്റ്റന്റ് എൻജിനീയറുടെ നിർദ്ദേശാനുസരണം മൂന്നാംതരം ഓവർസിയർ ആയിരുന്ന ശ്രീ.ബാദുഷയുടെ കൈവശം കൊടുത്തുവിട്ടതായും മേൽ പറഞ്ഞ കത്തിന്റെ ഒരു പകർപ്പ് കരാറുകാരന്റെ അറിവിലേക്കായി അദ്ദേഹത്തിന് കൈ മാറുകയും ചെയ്തിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശാനുസരണമാണ് ഫോർവേഡിംഗ് കത്തിൽ ഒപ്പ് വച്ചതെന്നും സാമ്പത്തിക വർഷം അവസാനിക്കാറായതിനാലും പഞ്ചായത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ മരണത്തെ തുടർന്ന് തസ്തിക ഒഴിഞ്ഞു കിടക്കുകയും ചെയ്ത സാഹചര്യത്തിൽ 2023 ഫെബ്രുവരി മാസം ഒന്നാം തീയതി മാത്രമാണ് പഞ്ചായത്ത് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിച്ചതെന്നും ഇതോടൊപ്പം ഒഴിവുണ്ടായിരുന്ന മൂന്നാം തരം ഓവർസിയർ തസ്തികയിലേക്കും പഞ്ചായത്ത് കരാർ അടിസ്ഥാനത്തിൽ ഒരാളെ നിയമിച്ചിരുന്നുവെന്നും ഇതിനുശേഷമാണ് പഞ്ചായത്തിന്റെ വാർഷിക പദ്ധതികളുടെ ഭൂരിഭാഗം വരുന്ന എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി ടെൻഡർ പദ്ധതി നിർവഹണം മുതലായ എല്ലാ കാര്യങ്ങൾ ചെയ്യാൻ ആരംഭിച്ചതെന്നും പ്രസ്തുത കാലയളവിൽ ടി ഓഫീസിൽ ടിയാൻ മാത്രമായിരുന്നു സ്ഥിര നിയമനത്തിൽ ഉണ്ടായിരുന്നതെന്നും വാർഷിക പദ്ധതികൾ എല്ലാം തന്നെ ഈ സമയത്തിന് ശേഷം ആരംഭിച്ചതിനാൽ തന്നെ മിക്ക ദിവസങ്ങളിലും അസിസ്റ്റന്റ് എഞ്ചിനീയറും ടിയാനും സൈറ്റുകളിൽ തന്നെയാണ് ഉണ്ടായിരുന്നതെന്നും അന്നേ ദിവസം അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ സൈറ്റുകളിൽ മെഷർമെന്റ് എടുക്കാൻ പോയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശാനുസരണം ഫോർവേഡിങ് കത്ത് ഒപ്പിട്ടതെന്നും കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ Standard Bid Document (SBD) പാരഗ്രാഫ് 8.1 ലാണ് ക്വാളിറ്റി ടെസ്റ്റുകളെ സംബന്ധിച്ച് പരാമർശങ്ങൾ ഉള്ളതെന്നും രണ്ടുകോടി രൂപയിൽ താഴെ മതിപ്പ് വരുന്ന മരാമത്ത് പ്രവർത്തികളുടെ സാധനസാമഗ്രികളുടെ ഗുണമേന്മ പിഡബ്ല്യുഡി ക്വാളിറ്റി കൺട്രോൾ മാനുവൽ പ്രകാരമുള്ള ഫസ്റ്റ് ടയർ ക്വാളിറ്റി ടെസ്റ്റുകൾ നടത്തി ഉറപ്പാക്കേണ്ടതും ഇപ്രകാരമുള്ള ടെസ്റ്റുകളുടെ ഉത്തരവാദിത്വം പൂർണ്ണമായും കരാറുകാരനിൽ നിക്ഷിപ്തവുമാണെന്നും കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ഫസ്റ്റ് ടയർ ക്വാളിറ്റി ടെസ്റ്റ് നടത്തേണ്ടതും ഇവയുടെ റിസൾട്ട് ബില്ലുകളോടൊപ്പം പെയ്മെന്റിനു വേണ്ടി സമർപ്പിക്കേണ്ടതുമാണെന്നും ഇപ്രകാരം കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കുന്ന ഫസ്റ്റ് ടയർ ക്വാളിറ്റി ടെസ്റ്റിൽ ലഭിക്കുന്ന ഗുണനിലവാര പരിശോധനാഫലം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഉറപ്പവരുത്തുന്നതിനായി സെക്കൻഡ് ടയർ ക്വാളിറ്റി ടെസ്റ്റ് നടത്തുക എന്നുള്ളത് സമയക്കുറവ് മൂലവും ലബോറട്ടറികളുടെ എണ്ണത്തിലുള്ള അപര്യാപ്ത മൂലവും പ്രായോഗികമല്ലായെന്നും ആയതിനാൽ തന്നെ ഫസ്റ്റ് ടയർ ക്വാളിറ്റി ടെസ്റ്റ് നിർവഹണ ഉദ്യോഗസ്ഥന്റെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റൊരു ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ചെയ്തു ഗുണനിലവാരം ഉറപ്പവരുത്തുക രീതിയാണ് സാധാരണ ഗതിയിൽ അവലംബിച്ചിരിക്കുന്നതെന്നും അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന GO(Rt) No.210/2022/PWD Dated 25/02/2022 എന്ന സർക്കാർ ഉത്തരവ് Investigation സ്റ്റഡികൾ ചെയ്യുന്നതിന് വേണ്ടി ഉള്ളതാണെന്നും, ടി അംഗീകൃത കോളേജുകളിൽ ഫസ്റ്റ് ടയർ ക്വാളിറ്റി ടെസ്റ്റുകളും നടത്താവുന്നതാണെന്നും ഫസ്റ്റ് ടയർ ക്വാളിറ്റി ടെസ്റ്റ്

നടത്തുന്നത് ടിയാൻ ചെയ്യുന്ന പ്രവർത്തികൾ Specification പറയുന്ന ഗുണനിലവാരത്തിൽ ഉള്ളതാണെന്ന് കരാറുകാരന് സ്വയം ബോധ്യപ്പെടാനും ഫീൽഡ് ലെവൽ ഉദ്യോഗസ്ഥന്മാരായ ഓവർസിയർ,അസിസ്റ്റന്റ് എൻജിനീയർ,അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരെ ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണെന്നും അറക്കുളം ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള ഏക ലബോറട്ടറി കോട്ടയം ജില്ലയിലെ പാലായിൽ സ്ഥിതി ചെയ്യുന്ന സെന്റ് ജോസഫ് എൻജിനീയറിങ് കോളേജ് ആണെന്നും സാമ്പത്തിക വർഷാവസാനം ആയതിനാൽ പ്രസ്തുത കോളേജിലെ ലബോറട്ടറിയിൽ തിരക്കായതിനാൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിച്ച് ലാബ് റിസൾട്ട് ലഭ്യമാക്കുകയെന്നത് അതീവ ദുഷ്കരമാണെന്ന് മനസിലായതിനാലാണ് സമീപ പ്രദേശത്തുതന്നെ സ്ഥിതി ചെയ്യുന്നതും സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിലുമുള്ള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പാലായിൽ തന്നെ സ്ഥിതിചെയ്യുന്ന ലാബിന്റെ സഹായം തേടിയതെന്നും പഞ്ചായത്ത് കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്ന മൂന്നാം തരം ഓവർസിയർ ശ്രീ.ബാദുഷ അന്നേ ദിവസം ലബോറട്ടറിയിൽ ഹാജരാവുകയും കംപ്രസ്സിവ് സ്ട്രെങ്ത് ടെസ്റ്റ് അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ നടത്തുകയും ചെയ്തിട്ടുള്ളതാണെന്നും ഇപ്രകാരം ഫീൽഡ് ലെവൽ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തപ്പെടുന്ന ടെസ്റ്റ് റിസൾട്ട് അംഗീകൃത ലാബുകളുടേതിനു സമാനമായി അംഗികരിക്കാവുന്നതാണെന്നും ഇവ പെയ്മെന്റിനു വേണ്ടി പരിഗണിക്കാവുന്നതുമാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻജിനീയറിങ് വിങ്ങ് നടപ്പാക്കുന്ന ആയിരക്കണക്കിന് മരാമത്ത് പ്രവർത്തികളുടെ ക്വാളിറ്റി ടെസ്റ്റുകൾ സർക്കാർ അംഗികൃത ലബോറട്ടറികളിൽ മാത്രം ടെസ്റ്റ് ചെയ്യുക എന്നുള്ളത് പൂർണ്ണമായും അപ്രാപ്യമാണെന്നും മേലെ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള ലബോറട്ടറികൾ ഒന്നും തന്നെ ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്നില്ലായെന്നും ജില്ലയിൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിൽ മാത്രമാണ് ക്വാളിറ്റി ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള ലബോറട്ടറി സജ്ജീകരിച്ചിട്ടുള്ളതെന്നും ആയതിനാലാണ് ഫീൽഡ് ലെവൽ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ മെഷിനറി സൗകര്യമുള്ള വിവിധ ലബോറട്ടറികളിൽ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ തന്നെ ഇത്തരം ക്വാളിറ്റി ടെസ്റ്റുകൾ നടത്തുന്നതെന്നും ഇതിലൂടെ ഫസ്റ്റ് ടയർ, സെക്കൻഡ് ടയർ ഗുണനിലവാര പരിശോധന നടത്താവുന്നതും ആയത് ഉറപ്പുവരുത്താവുന്നതുമാണെന്നും മരാമത്ത് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഫീൽഡിലും ലബോറട്ടറികളിലും കൃത്യമായ ജാഗ്രതയോടെയാണ് ഓരോ പ്രവർത്തികളും പൂർത്തീകരിക്കുന്നതെന്നും ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും തയ്യാറാകാതെ പൂർണ്ണമായും ക്വാളിറ്റി സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിങ് വകുപ്പിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് തന്നെയാണ് ഇതുവരെയും പ്രവർത്തികൾ നിർവഹിച്ചിട്ടുള്ളതെന്നും ടിയാൻ അറിയിച്ചിട്ടുണ്ട്.

ടി പ്രതിവാദപത്രികയിന്മേലുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശ അഭിപ്രായ റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിട്ടുണ്ട്.

G.O(RT) No.210/2022/PWD dated 25/02/2022 ഉത്തരവ് Investigation work മായി ബന്ധപ്പെട്ട പരിശോധനകൾക്കുള്ളതാണെന്നും, Price 3 Software Standard Bid Document എന്നാൽ വിജിലൻസിന്റെ മിന്നൽ പരിശോധനയിൽ പരാമർശിച്ചിട്ടുള്ള ടെസ്റ്റ്, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിങ്ങിന്റെ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് മുതൽ മെഷർമെന്റ് വരെയുള്ള ജോലികൾ ചെയ്യുന്ന Price 3 Software Standard Bid Document-ലെ 8-9 ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ടെസ്റ്റ് ആണ് നടത്തിയിട്ടുള്ളതെന്നും First Tier Quality Control Test നെ സംബന്ധിച്ച് ടി സോഫ്റ്റ് വെയറിലെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

" Primary responsibility of maintaining quality of all items of work as per specifications and Standards prescribed in the PWD Quality Control Manuel vests with the Contractor.The Contractor shall carry out of all First tier Quality Control tests prescribed by the PWD Quality Control Manual at his own expense and submit it along with the bills submitted for payment, If the estimated cost exceeds Rs. 2 Crores, the Contractor shall establish field laboratory at the site at his own expense.

First Tier Quality Control Test കോൺട്രാക്ടറുടെ പൂർണ്ണ ഉത്തരവാദിത്വം ആയതിനാൽ ക്യൂബ് ടെസ്റ്റിനു വേണ്ടി സാമ്പിളുകൾ കോൺട്രാക്ടറുടെ കയ്യിൽ കൊടുത്തു വിട്ടതിൽ വീഴ്ച ഇല്ലായെന്നും പരിശോധന നടത്തിയ പാലാ നിർമ്മിതി കേന്ദ്രം Compressive Strength of Cement (Cube Test) നടത്തുന്നതിന്

ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഏജൻസിയാണെന്നും ആയതിനാൽ പാലാ നിർമ്മിതിയിൽ ടി പരിശോധന നടത്തിയതിൽ അപാകത ഉള്ളതായി കാണുന്നില്ലായെന്നും മാർച്ച് മാസം പദ്ധതികൾ പൂർത്തീകരിക്കേണ്ട തിരക്കിലായതിനാലും എഞ്ചിനിയറിംഗ് വിഭാഗത്തിൽ സ്ഥിരജീവനക്കാരനായി ശ്രീ.ഷിയാസ് യൂസഫ് മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നതിനാലും അസി.എഞ്ചിനീയറുടെ ചുമതല വഹിച്ചിരുന്ന താത്കാലിക ജീവനക്കാരനും റിട്ട.എഞ്ചിനീയറുമായ ശ്രീ.വർഗീസ് ഫീൽഡ് ഡ്യൂട്ടിയിലായിരുന്നതിനാലും ടി ഉദ്യോഗസ്ഥന്റെ നിർദേശപ്രകാരവുമാണ് ഫോർവേഡിംഗ് ലെറ്ററിൽ ഓവർസീയർ ഒപ്പിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ടി പ്രവൃത്തിയിലും അപാകതയുള്ളതായി കാണുന്നില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

വിജിലൻസ് റിപ്പോർട്ട്, ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ.ഷിയാസ് യൂസഫ് സമർപ്പിച്ച പ്രതിവാദപത്രിക, പ്രതിവാദ പത്രികയിന്മേലുള്ള തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവ പരിശോധിക്കുമ്പോൾ താഴെപ്പറയുന്നവ വെളിവാകുന്നു.

അറക്കുളം ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തിൽ നടപ്പിലാക്കിയ ആലിൻചുവട് കാവുംപടി റോഡിന്റെ സംരക്ഷണഭിത്തിയും റോഡ് പുനരുദ്ധാരണവും എന്ന പദ്ധതിയുടെ ഭാഗമായി ശേഖരിച്ച മൂന്ന് കോൺക്രീറ്റ് ക്യൂബ് സാമ്പിളുകൾ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി G.O (Rt) No 210/2022/PWD dated 25/02/2022 പ്രകാരം ലിസ്റ്റ് ചെയ്യപ്പെടാത്ത സ്ഥാപനമായ പാലാ നിർമ്മിതി കേന്ദ്രത്തിലേക്ക് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ.ഷിയാസ് യൂസഫ് ഫോർവേർഡ് ലെറ്ററിൽ ഒപ്പിട്ട് കരാറുകാരന്റെ കൈവശം കൊടുത്തയച്ചു എന്നുള്ളതാണ് ടിയാനെതിരായ ആരോപണം. ടി കാലയളവിൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ സ്ഥിരജീവനക്കാരനായി ടിയാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും , ടി കാലയളവിൽ AE യുടെ ചുമതല ഉണ്ടായിരുന്ന താൽക്കാലിക അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.വർഗീസിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ ഫോർവേഡിംഗ് കത്തിൽ ടിയാന്റെ നിർദ്ദേപ്രകാരമാണ് ഒപ്പ് വെച്ചതെന്നും First Tier Quality Control Test കോൺട്രാക്ടറുടെ പൂർണ്ണ ഉത്തരവാദിത്വമാണെന്നും GO (RT) No.210/2022/PWD Dated 25/02/2022 എന്ന സർക്കാർ ഉത്തരവ് Investigation സ്റ്റഡികൾ ചെയ്യുന്നതിന് വേണ്ടി ഉള്ളതാണെന്നും ടിയാൻ പ്രതിവാദപത്രികയിൽ വാദമായി ഉന്നയിച്ചിരുന്നത്."Price 3 Software Standard Bid Document-ലെ 8-9 ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ടെസ്റ്റ് ആണ് നടത്തിയിട്ടുള്ളതെന്നും First Tier Quality Control Test കോൺട്രാക്ടറുടെ പൂർണ്ണ ഉത്തരവാദിത്വം ആയതിനാൽ ക്യൂബ് ടെസ്റ്റിനു വേണ്ടി സാമ്പിളുകൾ കോൺട്രാക്ടറുടെ കയ്യിൽ കൊടുത്തു വിട്ടതിൽ വീഴ്ച ഇല്ലയെന്നും പരിശോധന നടത്തിയ പാലാ നിർമ്മിതി കേന്ദ്രം Compressive Strength of Cement (Cube Test) നടത്തുന്നതിന് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഏജൻസിയാണെന്നും ആയതിനാൽ പാലാ നിർമ്മിതിയിൽ ടി പരിശോധന നടത്തിയതിൽ അപാകത ഉള്ളതായി കാണുന്നില്ലായെന്നും മാർച്ച് മാസം പദ്ധതികൾ പൂർത്തീകരിക്കേണ്ട തിരക്കിലായതിനാലും എഞ്ചിനിയറിംഗ് വിഭാഗത്തിൽ സ്ഥിരജീവനക്കാരനായി ശ്രീ.ഷിയാസ് യൂസഫ് മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നതിനാലും അസി. എഞ്ചിനീയറുടെ ചുമതല വഹിച്ചിരുന്ന താത്കാലിക ജീവനക്കാരനും റിട്ട. എഞ്ചിനീയറുമായ ശ്രീ. വർഗീസ് ഫീൽഡ് ഡ്യൂട്ടിയിലായിരുന്നതിനാലും ടി ഉദ്യോഗസ്ഥന്റെ നിർദേശപ്രകാരവുമാണ് ഫോർവേഡിംഗ് ലെറ്ററിൽ ഓവർസീയർ ഒപ്പിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ടി പ്രവൃത്തിയിൽ അപാകതയുള്ളതായി കാണുന്നില്ലയെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു. ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ.ഷിയാസ് യൂസഫ് ഉന്നയിച്ച വാദങ്ങളെല്ലാം പ്രിൻസിപ്പൽ ഡയറക്ടർ അംഗീകരിക്കുന്നുണ്ട്. Procedural Lapse ആണ് ടിയാനെതിരെ വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്. ആയതിൽ ടിയാൻ സമർപ്പിച്ച വിശദീകരണം തൃപ്തികരവും അംഗീകരിക്കത്തക്കതുമാണ്.

മേൽ സാഹചര്യത്തിൽ, ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമ പഞ്ചായത്തിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയറായ ശ്രീ.ഷിയാസ് യൂസഫിനെതിരെ 1960-ലെ KCS (CC&A) Rules ലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ

ശ്രീ.ഷിയാസ് യൂസഫ് ഉന്നയിച്ച വാദങ്ങൾ തൃപ്തികരമായതിനാൽ മേൽ ആരോപണത്തിൽ നിന്ന് ടിയാനെ "കുറ്റവിമുക്തനാക്കി" ടി അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഇന്ദു.എസ്.

അഡിഷണൽ സെക്രട്ടറി

1.ശ്രീ. ഷിയാസ് യൂസഫ്, ഓവർസീയർ (PEN No.818952) (തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3. വിജിലൻസ് (ഡി) വകുപ്പ് ( 07/05/2024 ലെ വിജി-ഡി1/63/2024-വിജി നമ്പർ കത്ത് പ്രകാരം .)

4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.

6. തദ്ദേശ സ്വയംഭരണ (EWB) വകുപ്പ്.

7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

8. കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (EWA3/107/2024/LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 17-08-2026
10:46:51

സെക്ഷൻ ഓഫീസർ